# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 2026

## ഗവ.എൽ.പി.എസ്

### ആറ്റിങ്ങൽ

| | | |
|---|---|---|
| ക്ലസ്റ്റർ | : | കീഴാറ്റിങ്ങൽ (CRC) |
| സബ്ജില്ല | : | ആറ്റിങ്ങൽ |
| വിദ്യാഭ്യാസജില്ല | : | ആറ്റിങ്ങൽ |
| റവന്യൂജില്ല | : | തിരുവനന്തപുരം |
| വാർഡ് | : | 20 (കാഞ്ഞിരംകോണം) |
| മുനിസിപ്പാലിറ്റി | : | ആറ്റിങ്ങൽ |
| താലൂക്ക് | : | ചിറയിൻകീഴ് |
| ബ്ലോക്ക് | : | ചിറയിൻകീഴ് |
| ഹെഡ്മിസ്ട്രസ്സ് | : | ബിന്ദു.ജി.എസ് |
| | | ഫോൺ: 9074087117 |
| സീനിയർ ടീച്ചർ | : | സോണിയ.എസ് |
| | | ഫോൺ: 9539016110 |

# ഉള്ളടക്കം


| | | | |
|---|---|---|---|
| 1. | ആമുഖം | – | 2 |
| 2. | എന്റെ വിദ്യാലയം | – | 3–4 |
| 3. | ഭൗതികവും അക്കാദമികവുമായ പരിമിതികൾ | – | 5 |
| 4. | അക്കാദമിക മാസ്റ്റർ പ്ലാൻ എന്തിന് | – | 6 |
| 5. | പൊതുലക്ഷ്യങ്ങൾ | – | 7 |
| 6. | സ്വപ്നപദ്ധതികൾ | – | 8–9 |
| 7. | പ്രവർത്തന വിശദാംശങ്ങൾ | – | 10–26 |
| 8. | സാമ്പത്തികം | – | 27 |
| 9. | പ്രവർത്തനകലണ്ടർ | – | 28–30 |
| 10. | പ്രതീക്ഷിതനേട്ടങ്ങൾ | – | 31 |
| 11. | മോണിട്ടറിംഗ് രീതി | – | 32 |
| 12. | ഉപസംഹാരം | – | 33 |

## ആമുഖം

ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റേണ്ടതുണ്ട്. ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായഘട്ടത്തിന നുസൃതമായി കരിക്കുലം വിഭാവനം ചെയ്തപ്രകാരം ഏറ്റവും ഉയർന്ന തലത്തി ലേക്ക് എത്തിക്കുന്നതിലൂടെ മാത്രമേ ഇത് കൈവരിക്കാനാകൂ.

അക്കാദമികമായി ഇക്കാര്യങ്ങൾ ഉറപ്പിക്കാൻ എന്തെല്ലാം ചെയ്യണമെന്ന് കൃത്യ മായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഇത്തരം ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെ സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുറ്റേത്തിന് തുല്യ മായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ.

ഇങ്ങനെ ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചക്കുവേണ്ടി തയ്യാറാക്കുന്ന സമഗ്രമായ ആസൂത്രണ രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

## എന്റെ വിദ്യാലയം

ആറ്റിങ്ങൽ മുൻസിപ്പാലിറ്റിയിൽ 20-ാം വാർഡിൽ ആറ്റിങ്ങൽ- ചിറയിൻകീഴ് റോഡരികിൽ രാമച്ചംവിള എന്ന സ്ഥലത്ത് ഗവ.എൽ.എസ്, ആറ്റിങ്ങൽ സ്ഥിതിചെയ്യുന്നു. ആദ്യകാലത്ത് ഇത് ഒരു കുടിപ്പള്ളിക്കൂടമായിരുന്നു. രാമച്ചം വിളയിൽ ശ്രീ.ഗോപാലപിള്ള സാറിന്റെ ശ്രമഫലമായി 1923 ജൂൺ ഒന്നിന് സ്ഥാപിതമായ ഈ സ്കൂളിന് അനുമതി നൽകിയത് ദിവാൻ രാഘവയ്യർ ആണ്. ആയതിനാൽ ഈ സ്കൂളിന് രാഘവമന്ദിരം എൽ.പി.സ്കൂൾ എന്ന് രണ്ട് ലഭിച്ചു. 1948-ൽ ഈ സ്കൂൾ സർക്കാർ ഏറ്റെടുത്തു. 1987-ൽ സ്കൂളിന്റെ പേര് ഗവ.എൽ. പി.എസ്, ആറ്റിങ്ങൽ എന്നു മാറ്റി. ഒന്നുമുതൽ അഞ്ചുവരെയുള്ള ക്ലാസുകളും പ്രീപ്രൈമറി ക്ലാസും പ്രവർത്തിച്ചു വരുന്നു.

2025-26 അധ്യയന വർഷത്തിൽ പ്രീപ്രൈമറി ക്ലാസിൽ 25 കുട്ടികളും ഒന്നുമുതൽ അഞ്ചുവരെ ക്ലാസുകളിലായി 39 കുട്ടികളും പഠിച്ചുവരുന്നു. ആറ് അധ്യാപകർ പ്രൈമറി ക്ലാസുകളിലും പ്രീപ്രൈമറിയിൽ ഒരു അധ്യാപികയും ഒര ആയയും കൂടാതെ പാർട്ട് ടൈം സ്വീപ്പറും ഈ സ്കൂളിൽ സേവനമനുഷ്ഠിക്കുന്നു. ഒന്നുമുതൽ അഞ്ചുവരെ ക്ലാസുകളിൽ ഓരോ ഡിവിഷനുകളാണുള്ളത്. നാല് കമ്പ്യൂട്ടർ ക്ലാസ്മുകളിൽ ഉപയോഗപ്പെടുത്തുന്നു.

50 സെന്റ് സ്ഥലവിസ്തൃതിയുള്ള നിരപ്പായ സ്കൂൾ ഗ്രൗണ്ടിൽ രണ്ട് കെട്ടിടങ്ങളാണുള്ളത്. സ്കൂളും പരിസരവും എപ്പോഴും വളരെ ശുചിയയായി സൂക്ഷിക്കുന്നു. കുട്ടികളെ വളരെ സുരക്ഷിതമായി സ്കൂളിൽ എത്തിക്കുന്നതിനും സ്കൂളിന് സ്വന്തമായി ഒരു സ്കൂൾ ബസ് ഉണ്ട്.

എല്ലാ ദിവസവും സ്കൂൾ അസംബ്ലി കൂടുന്നു. ഓരോ ദിവസവും ക്ലബ്ബ് അസംബ്ലി നടത്തുന്നു. അസംബ്ലിയിൽ ദിനാചരണങ്ങൾ, ക്ലാസ് തലമികവുകൾ, ക്വിസ്, കടംകഥ, ക്വിസ് നറുക്കെടുപ്പ്, വായന, പത്രവായന, തുടങ്ങിയ പ്രവർത്തനങ്ങളിൽ കുട്ടികൾ നല്ല രീതിയിൽ കഴിവു പ്രകടിപ്പിക്കുന്നു.

ആഴ്ചയിലൊരു ദിവസം ക്വിസ് ബോക്സ് പൊട്ടിച്ച് നറുക്കെടുത്ത് സമ്മാനം നൽകുന്നു. ഇടവേളകളിൽ കുട്ടികൾക്ക് കളിക്കാനായി ഒരു പാർക്ക് സ്കൂളിന് സ്വന്തമായുണ്ട്.

വായനയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് QIP ക്ലാസുകളും മലയാളത്തിളക്കം, വായനച്ചങ്ങാത്തം, Hello English പോലുള്ള പ്രോഗ്രാമുകളും നടത്തി വരുന്നു.

ഗണിതം ഉല്ലാസപ്രദമാക്കുവാൻ, 1, 2 ക്ലാസുകളിൽ ഉല്ലാസഗണിതവും 3, 4 ക്ലാസുകളിൽ ഗണിതവിജയവും നടത്തി വരുന്നു.

ഓരോ ക്ലാസുകളിലും ക്ലാസ് ചാർജുള്ള അധ്യാപകർ വളരെ ആത്മാർത്ഥമായി ക്ലാസുകൾ ക്ലാസ് ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, ഗണിത ലാബ്, സയൻസ് ലാബ് എന്നിവ പ്രയോജനപ്പെടുത്തി വളരെ നന്നായി നടന്നു വരുന്നു.

ആഴ്ചയിലൊരു ദിവസം യോഗാ ക്ലാസും പ്രവർത്തി പരിചയക്ലാസും എല്ലാ ക്ലാസുകളിലും ദിവസവും പത്രവായനയും ആഴ്ചയിലൊരു ദിവസവും പത്രവായനയും ആഴ്ചയിലൊരു ദിവസം സ്പോക്കൺ ഇംഗ്ലീഷ് ക്ലാസും നടന്നുവരുന്നു.

പോഷകസംപുഷ്ടമായ പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും നൽകി വരുന്നു. കൂടാതെ മാതൃഭൂമിയുടെ Seed പദ്ധതിപ്രകാരം പരിശീലനം ലഭിച്ച അധ്യാപകർ, Kite, കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ പ്രൈമറി ക്ലാസുകളിലെ കുട്ടികൾക്കും അധ്യാപകർക്കും വേണ്ടി തയ്യാറാക്കിയിരിക്കുന്ന ഇംഗ്ലീഷ് ഭാഷാപഠനസഹായിയായ E-Cube E-Language Lab പരിശീലനം ലഭിച്ച അധ്യാപകർ കുട്ടികൾക്ക് മികച്ച പരിശീലനം നൽകി വരുന്നു.

തുടർച്ചയായി മൂന്നാം വർഷവും LSS സ്കോളർഷിപ്പ് നേടാൻ സാധിച്ചു. പ്രീപ്രൈമറി കുട്ടികളുടെ സർവ്വതോന്മുഖമായ വികാസം ലക്ഷ്യം വച്ച് അനുഭവ പഠനങ്ങൾക്ക് ഊന്നൽ നൽകി കൊണ്ട് SSK അനുവദിച്ച വർണ്ണക്കൂടാരം പദ്ധതിയിലൂടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ഇംഗ്ലീഷ് ഭാഷ ആത്മവിശ്വാസത്തോടെ സംസാരിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കാൻ ആഴ്ചയിൽ രണ്ട് ദിവസം ഇംഗ്ലീഷ് day. English assembly എന്നിവ നടത്തി വരുന്നു. ആഴ്ചയിലൊരു ദിവസം ആരോഗ്യ കായിക വിദ്യാഭ്യാസത്തിനായി ഒരു അധ്യാപിക കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു. പാഠപുസ്തക പ്രവർത്തനങ്ങൾക്ക് പുറമെ എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ പരിശീലനം നൽകി വരുന്നു. കുട്ടികളുടെ രചനങ്ങൾ ഉൾപ്പെടുത്തി സ്കൂൾ മാഗസിനുകൾ തയ്യാറാക്കുക.

## ഭൗതികവും അക്കാദമികവുമായ പരിമിതികൾ

സയൻസ് ലാബ്, ഗണിതലാബ് എന്നിക്കാവശ്യമായ പഠനോപകരണങ്ങൾ അപര്യാപ്തമാണ്. പ്രീപ്രൈമറി കുട്ടികൾക്കുവേണ്ട കളിക്കോപ്പുകൾ ഇല്ല. പരിസരപഠനവുമായി ബന്ധപ്പെട്ട് ആകർഷകമായ ഒരു പൂന്തോട്ടം, ജൈവവൈവിധ്യപാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്, കലാകായിക പരിശീലനത്തിന് അധ്യാപകരുടെ പൂർണ്ണ സേവനസമയം ലഭ്യമാകുന്നില്ല.

- സ്കൂൾ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.
- ഹൈടെക് ക്ലാസ് റൂമുകളുടെ അപര്യാപ്തയുണ്ട്.
- കുട്ടികളുടെ നിർമ്മാണപരമായ ഉല്പന്നങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സ്ഥലത്തിന്റെ അപര്യാപ്തത.
- വിസ്തൃതമായ സ്കൂൾ ഗ്രൗണ്ട് സജ്ജീകരിക്കുന്നതിലെ അപര്യാപ്തത
- പ്രീപ്രൈമറി കുട്ടികൾക്കുള്ള പ്രത്യേക ശൗചാലയത്തിന്റെ അപര്യാപ്തത.
- കുട്ടികൾക്ക് രക്ഷിതാക്കളിൽ നിന്നും പഠനകാര്യങ്ങളിൽ ലഭിക്കേണ്ട സഹായവും പിന്തുണയും ലഭിക്കാത്ത അവസ്ഥ.
- സ്കൂളിന്റെ ഭൗതികസാഹചര്യങ്ങളും ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്.
- സ്കൂൾ വാഹനം ആവശ്യമായുണ്ട്.
- 4 ക്ലാസ് മുറികളുള്ള കെട്ടിടം പണിയേണ്ടതുണ്ട്.

# അക്കാദമിക മാസ്റ്റർ പ്ലാൻ എന്തിന്

- ഓരോ കുട്ടിക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയം മികവിന്റെ കേന്ദ്രമാക്കി മാറ്റുക.
- ലോകത്തെവിടെയും സമപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്നുറപ്പാക്കാൻ.
- ഒന്നുമുതൽ അഞ്ചുവരെ ഓരോ ക്ലാസിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടർ രൂപപ്പെടുത്തൽ.
- പ്രതീക്ഷ ഉണർത്തുന്നതും പ്രചോദനാത്മകവുമായിരിക്കും എന്റെ സ്കൂളിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ.

## പൊതുലക്ഷ്യങ്ങൾ

- ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക.
- ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കണക്കാക്കിക്കൊണ്ട് അവരുടെ വിവിധ മേഖലകളിലുള്ള വികസനം കരിക്കുലവും പാഠ്യപദ്ധതിയും വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉന്നത നിലയിലാക്കുക.
- ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിച്ച് മികച്ച വായനക്കാരാകുക.
- കുട്ടികളിൽ പാരിസ്ഥിതിക അവബോധം വളർത്തുക
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഗണിത പഠന നേട്ടങ്ങളും എല്ലാ കുട്ടികളും അർജ്ജിക്കുക.
- സമൂഹത്തെ അറിയുന്നതിനും ഭൂമിയെ അറിയുന്നതിനും കഴിവും മനോഭാവവും വളർത്തുക.
- ഇംഗ്ലീഷ് ഭാഷാ സംസാരിക്കാനും കേട്ട് മനസിലാക്കാം ഉള്ള കഴിവ് എല്ലാ കുട്ടികളും ആർജിക്കുക.
- സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പ്രോത്സാഹിപ്പിക്കുക.
- മൂന്ന് ഭാഷകളിൽ മികച്ച ആശയവിനിമയശേഷി കൈവരിക്കുക.
- ലിംഗ വിവേചനം ഇല്ലാതാക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

# സ്വപ്നപദ്ധതികൾ

- സ്കൂൾ വായനശാലകൾ ആധുനിക വത്കരിക്കുകയും ഒന്നാം ക്ലാസ് മുതൽ വായനാ സംസ്കാരം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- ഫീൽഡ് ട്രിപ്പുകൾ, ആധുനിക സൗകര്യങ്ങളോടുകൂടിയ സയൻസ് ലാബുകൾ, സ്കൂൾ കാമ്പസ് ഒരു പാഠപുസ്തകം എന്നിവയിലൂടെ മികച്ച പാരിസ്ഥിതിക അവബോധമുള്ള കുട്ടികളെ വാർത്തെടുക്കുക
- കരിക്കുലം ലക്ഷ്യമാക്കുന്ന പഠനനേട്ടങ്ങൾ കൈവരിക്കുന്നതിനായി ഒന്നുമുതൽ 5 വരെയുള്ള കുട്ടികൾക്ക് സ്വതന്ത്രപഠനം സാധ്യമാക്കുന്ന ഒരു ഗണിതലാബ്, സയൻസ് ലാബ്, പൊതുലൈബ്രറി തയ്യാറാക്കുക.
- ചരിത്രസ്മാരകങ്ങൾ, പ്ലാനിറ്റോറിയങ്ങൾ, മ്യൂസിയങ്ങൾ, ഐ.സി.റ്റി. സാധ്യതകൾ പ്രയോജനപ്പെടുത്തി സമൂഹത്തെയും ഭൂമിയെയും കുറിച്ച് അറിയുന്നതിനുള്ള കഴിവും മനോഭാവവും ഉയർന്ന തലത്തിലെ ത്തിക്കുക.
- ഇംഗ്ലീഷ് ഭാഷ കേട്ട് മനസിലാക്കാനും ഒഴുക്കോടെ സംസാരിക്കാനും കഴിവുള്ളവരാക്കിത്തീർക്കുക.
- കലാകായിക പ്രവൃത്തി പരിചയരംഗങ്ങളിൽ ഓരോ കുട്ടിയും അഭിരുചിക്കനുസരിച്ച് ദേശീയതലങ്ങളിൽ മികവ് തെളിയിക്കുന്നതി നുള്ള അവസരം ഒരുക്കുക.
- വിദ്യാലയത്തെ ഭൗതികമായും സാമൂഹികമായും മികച്ച നിലവാരത്തിലെത്തിക്കുന്നതിനുവേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുക.
- 3 ഭാഷകളിൽ മികച്ച ആശയവിനിമയശേഷി കൈവരിക്കാൻ പ്രാപ്ത രാക്കുക.
- കുട്ടികളുടെ പഠനതാല്പര്യത്തെയും വ്യക്തിത്വവികസനത്തെയും ത്വ രിതപ്പെടുത്തുന്നതിനുള്ള പരിഹാര ബോധനപ്രക്രിയ നടത്തുക.
- സ്കോർഷിപ്പ് പഠനപ്രവർത്തനത്തിന്റെ ഭാഗമായി ഏറ്റെടുത്ത് നടപ്പാ ക്കുകയും പൊതുജനപങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുക.

- ഓരോ കുട്ടിക്കും ഒരു മാഗസിൻ എന്ന ആശയം പ്രായോഗികമാക്കുക.
- ഡിജിറ്റൽ ലൈബ്രറി Teacher Library, Mother Library എന്നിവ സജ്ജമാക്കുക.
- ക്ലബ് പ്രവർത്തനങ്ങളിൽ മുഴുവൻ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുക.
- വിവിധ മേഖലകളിലും കലോത്സവങ്ങളിലും കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുക.
- പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം, ശലഭോദ്യാനം, മഴവെള്ളസംഭരണി, മഴക്കുഴി, മാലിന്യസംസ്ക്കരണ സംവിധാനം, ജൈവകമ്പോസ്റ്റ്.
- എല്ലാ കുട്ടികളുടെയും ഭവന സന്ദർശനം.
- ക്ലാസ്റൂമുകൾ ഹൈടെക് ആക്കുക.
- സ്കൂൾ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി സ്കൂളിന് ഒരു നവീകരിച്ച കെട്ടിടം നിർമ്മിക്കുക.
- ഭിന്നശേഷി സൗഹൃദ വിദ്യാലയം സാക്ഷാത്ക്കരിക്കുക.

# പ്രവർത്തനവിശദാംശങ്ങൾ

## അടുത്ത 5 വർഷത്തിനുള്ളിൽ നടപ്പാക്കുന്നവ മാത്രം

## മേഖല : മലയാളം (1 മുതൽ 5 വരെ ക്ലാസുകൾ)

## ലക്ഷ്യം : കുട്ടിയെ മികച്ച വായനക്കാരനാക്കുക

| ക്രമ. നം. | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1 | ക്ലാസ് ലൈബ്രറിയും വായനമൂലയും തയ്യാറാക്കൽ | ജൂൺ | ക്ലാസ് | അധ്യാപകർ |
| 2 | സ്കൂൾ ലൈബ്രറി നവീകരണം പുസ്തക ശേഖരണം | ജൂൺ | ലൈബ്രറി | അധ്യാപകർ |
| 3 | ജന്മദിനത്തിനൊരു പുസ്തകം സ്കൂൾ ലൈബ്രറിയിലേക്ക് | കുട്ടികളുടെ ജന്മദിനങ്ങളിൽ | ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി | പി.റ്റി.എ കുട്ടികൾ, അധ്യാപകർ |
| 4 | സ്കൂളിലേക്ക് ഒരു പത്രം (സ്പോൺസറെ കണ്ടെത്താം) | ജൂൺ | | എസ്.എം.ജി പി.റ്റി.എ |
| 5 | സമീപഗ്രന്ഥശാലാ അംഗത്വം എല്ലാ കുട്ടികൾക്കും ആഴ്ചയിലൊരു സ്കൂൾ പത്രം, വാർത്താ പത്രിക | ജൂൺ | ഗ്രന്ഥശാല | പി.റ്റി.എ അധ്യാപകർ ഗ്രന്ഥശാലാ ഭാരവാഹികൾ |

| | | | | |
|---|---|---|---|---|
| 6 | പത്രവായന | ദിവസവും (അസംബ്ലിയിലും) | പത്രം | അധ്യാപകർ |
| 7 | അമ്മവായന | മാസത്തി ലൊരിക്കൽ | സ്കൂൾ ഹാൾ | അധ്യാപകർ |
| 8 | പുസ്തകപരിചയം - സ്കൂൾ അസംബ്ലിളിയിൽ | എല്ലാ അസംബ്ലി ദിവസങ്ങളിലും | അസംബ്ലി | അധ്യാപകർ കുട്ടികൾ |
| 9 | അതാത് ക്ലാസുകളിൽ കുട്ടികളുടെ നിലവാര ത്തിനനുസരിച്ചുള്ള വായനക്കാർഡുകൾ തയ്യാറാക്കൽ | എല്ലാ മാസങ്ങ ളിലും | പഠനോപകരണങ്ങൾ | അധ്യാപകർ |
| 10 | സാഹിത്യകാരന്മാരുമായി അഭിമുഖം | മാസത്തിലൊരി ക്കൽ | | PTA, SMC BRC |
| 11 | വായനക്കുറിപ്പ് - പതിപ്പ് | വർഷത്തിൽരണ്ട് | പഠനോപകരണങ്ങൾ | അധ്യാപകർ, PTA |
| 12 | ഗ്രന്ഥശാല സ്കൂളിൽ സ്ഥാപിച്ച വായനക്കൂട്ടിലെ പുസ്തകവായന, ക്ലാസ് ലൈബ്രറി പുസ്തകവായന | ആഴ്ചയിലൊരു ദിവസം | പുസ്തകങ്ങൾ | ഗ്രന്ഥശാലാ പ്രവർത്തനകർ |
| 13 | പത്രവായനയുമായി ബന്ധപ്പെട്ട- ക്വിസ് | മാസത്തിലൊരു ദിവസം | പത്രം | അധ്യാപകർ |
| 14 | ബാലസഭ - വായിച്ച കഥകൾ, കവിതകൾ എന്നിവയുടെ ദൃശ്യാവിഷ്കാരം | മാസത്തിലൊരു ദിവസം | സ്കൂൾ ഹാൾ | അധ്യാപകർ രക്ഷിതാക്കൾ |
| 15 | ഡയറിയെഴുത്ത് | ദിവസവും | നോട്ടുബുക്ക് | അധ്യാപകർ |

| | | | | |
|---|---|---|---|---|
| 16 | ഇ-വായന | ആഴ്ചയിലൊരു ദിവസം | ലാപ്ടോപ്പ് ഫോൺ | അധ്യാപകർ |
| 17 | വായനച്ചങ്ങാത്തം | മാസത്തിലൊരു ദിവസം | പഠനനോപകരണങ്ങൾ | അധ്യാപകർ |
| 18 | മലയാളത്തിളക്കം | വർഷത്തിൽ 3-ാം ടേം | ലാപ്ടോപ്പ്, പഠനോപകരണങ്ങൾ | അധ്യാപകർ |
| 19 | കുട്ടികളുടെ രചനകളുടെയും ചിത്രങ്ങളുടെയും ഓഡിയോ വീഡിയോ ക്ലിപ്പുകളുടെയും പ്രദർശനം | വർഷത്തിലൊരു ദിവസം | സ്കൂൾ ഹാൾ, പ്രൊജക്ടർ ലാപ്ടോപ്പ് | അധ്യാപകർ BRC, PTA |
| 20 | ചുമർ മാസിക കുട്ടികളുടെ സൃഷ്ടികൾ | മൂന്നുമാസത്തിലൊരിക്കൽ | ക്ലാസ് ലൈബ്രറി | അധ്യാപകർ |

# അക്കാദമിക പ്രവർത്തനങ്ങൾ

## മേഖല - ഹിന്ദി (5-ാം ക്ലാസ്)

### ലക്ഷ്യം - ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഹിന്ദി ഭാഷ സംസാരിക്കാനും കേട്ടുമനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക

| ക്രമ. നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഹിന്ദി ഭാഷ സംസാരിക്കാനും കേട്ടുമനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക. ICT സാധ്യത എല്ലാ വിഭാഗം കുട്ടികളിലും സാധ്യമാക്കുന്നു | ക്ലാസ് ലൈബ്രറി<br>ചിത്രവായന | രണ്ട് മാസത്തിലൊരിക്കൽ | | SRG<br>അധ്യാപകർ |
| | | ഹിന്ദി അസംബ്ലി<br>അക്ഷരപ്പാട്ടുകൾ<br>പ്രാർത്ഥന, അക്ഷരകാർഡുകൾ<br>പ്രതിജ്ഞ, വായനകാർഡ്<br>തയ്യാറാക്കൽ, ദിനാചരണ<br>പോസ്റ്ററുകൾ കവിതകൾ,<br>വാർത്ത | രണ്ടാഴ്ചയിൽ ഒരു ഹിന്ദി അസബ്ലിളി | ഹിന്ദിയിൽ തയ്യാറാക്കിയ വാർത്ത, പഠനോപകരണങ്ങൾ | ഹിന്ദിഅധ്യാപകർ |
| | | ഹിന്ദി വീഡിയോ ഓഡിയോ ക്ലിപ്പുകൾ കാണാനും കേൾക്കാനും അവസരം | ആഴ്ചയിലൊരു പിരീഡ് | CD കമ്പ്യൂട്ടർ | ഹിന്ദിഅധ്യാപകർ<br>SRG |
| | | സംഭാഷണം<br>ചിത്രകഥകൾ, സുരലീ<br>ഹിന്ദി കവിത | രണ്ടാഴ്ചയിലൊരുപിരീഡ് | ലാപ്ടോപ്പ്<br>പ്രൊജക്ടർ<br>CD | SRG<br>ഹിന്ദിഅധ്യാപകർ |

# അക്കാദമിക പ്രവർത്തനങ്ങൾ

## മേഖല - ഇംഗ്ലീഷ് (1 മുതൽ 5 വരെ ക്ലാസുകൾ)

**ലക്ഷ്യങ്ങൾ - ഇംഗ്ലീഷ് സംസാരിക്കാനും കേട്ട് മനസ്സിലാക്കാനും ഉള്ള കഴിവ് എല്ലാ കുട്ടികളിലും ആർജ്ജിക്കുക**

| ക്രമ. നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് സംസാരി<br>ക്കാനും കേട്ട്<br>മനസ്സിലാക്കാനും<br>ഉള്ള കഴിവ് നേടുക | **ഇംഗ്ലീഷ് അസംബ്ലി**<br>വായനക്കാർഡ് സ്വയം<br>പരിചയപ്പെടൽ, ദിനാചരണങ്ങൾ,<br>ക്വിസ്, പ്രാർത്ഥന, പത്രവായന,<br>കുടുംബം പരിചയപ്പെടുത്തൽ,<br>സ്കൂൾ ആഘോഷങ്ങൾ,<br>പരിചയപ്പെടുത്തൽ<br>പോസ്റ്ററുകൾ<br>പ്രദർശിപ്പിക്കൽ, ക്ലാസ്<br>മികവുകൾ പ്രദർശിപ്പക്കൽ | ആഴ്ചയിലൊരു<br>ദിവസം | പഠനോപകര<br>ണങ്ങൾ, പത്രം | HM<br>അധ്യാപകർ |
| | | **ഇംഗ്ലീഷ് ബാലസഭ**<br>നാടകം, കവിത പ്രദർശനം,<br>കഥപറയൽ, കടം കഥ,<br>പപ്പറ്റ് ഷോ<br>റീഡേഴ്സ് കോർണർ | മാസത്തിലൊരു<br>ദിവസം | | SRC, BRC<br>അധ്യാപകർ<br>SMC, BRC<br>PTA SMC |

| | | | | | |
|---|---|---|---|---|---|
| | | ഇംഗ്ലീഷിലുള്ള ഓഡിയോ, വീഡിയോ ക്ലിപ്പുകൾ കാണുന്നതിനും കേൾക്കുന്നതിനും ഉള്ള അവസരം | ആഴ്ചയിലൊരു ദിവസം | CD കമ്പ്യൂട്ടർ ലാബ് | അധ്യാപകർ SMG |
| | | ക്ലാസ് , ലൈബ്രറി (വായന) | ആഴ്ചയിൽ രണ്ടു ദിവസം | | |
| | | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ | ആഴ്ചയിലൊരു ദിവസം | പഠനോപകരണങ്ങൾ | BRC |
| | | ഇൻലന്റ് മാഗസിൻ | വർഷത്തിലൊന്ന് | പഠനോപകരണങ്ങൾ | PTA |
| | | മാഗസിൻ | വർഷത്തിലൊന്ന് | പഠനോപകരണങ്ങൾ | SMC |
| | | E-Cube E-Language lab പരിശീലനം | പഠനത്തോടൊപ്പം | കമ്പ്യൂട്ടർ ലാബ് | അധ്യാപകർ |

# അക്കാദമിക പ്രവർത്തനങ്ങൾ

## മേഖല - ഗണിതം (1 മുതൽ 5 വരെ ക്ലാസുകൾ)

### ലക്ഷ്യങ്ങൾ - കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഗണിത പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക

| ക്രമ. നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളും ഗണിത പഠനനേട്ടങ്ങൾ ആർജ്ജിക്കുന്നതിനായി<br><br>സ്വതന്ത്രഗണിതപഠനം സാധ്യമാകുന്ന ഗണിതലാബ് | ഗണിതരൂപങ്ങൾ തിരിച്ചറിഞ്ഞ് നിർമാണപ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br><br>ഗണിത കളികൾ (പഠനോപകരണ ണങ്ങൾ ഉപയോഗിച്ച് -ഏണിയും പാമ്പും | ആഴ്ചയിലൊരു പിരീഡ്<br><br>ആഴ്ചയിലൊരു പിരീഡ് | ഗണിതലാബ്<br><br>ഗണിതലാബ് | അധ്യാപകർ |
| | വ്യത്യസ്ത അളവുപകരണ ങ്ങൾ പരിചയപ്പെടുത്തുക | വ്യത്യസ്ത അളവുപയോഗിച്ച് ദ്രാവകങ്ങൾ അളക്കൽ | ആഴ്ചയിലൊരു പിരീഡ് | ഗണിതലാബ് | |
| | വിവിധജ്യാമിതീയ രൂപ ങ്ങൾ തിരിച്ചറിയുക. | ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ | ആഴ്ചയിലൊരു പിരീഡ് | ഗണിതലാബ് | |

| | | | | | |
|---|---|---|---|---|---|
| | | ഉല്ലാസഗണിതം | പഠനത്തോടൊപ്പം | ഗണിതക്കിറ്റ് | അധ്യാപകർ |
| | | ഗണിതവിജയം | പഠനത്തോടൊപ്പം | പഠനോപകരണങ്ങൾ കിറ്റ് | അധ്യാപകർ |
| | | (ഘനരൂപങ്ങൾ)<br>പഠനോപകരണങ്ങൾ നിർമ്മിക്കൽ<br>(മഞ്ചാടി പത്തിന്റെ കൂട്ടങ്ങളാക്കൽ, ഈർക്കിൽ കൊണ്ട് ജ്യാമിതീയരൂപം) | ആഴ്ചയിലൊരു പിരീഡ് | ഗണിതലാബ് | PTA |
| | | കളിനോട്ടുകൾ ഉപയോഗിച്ച കച്ചവടം<br>ഗണിത കഥകൾ, പാട്ടുകൾ<br>കണക്കിലെ കളികൾ - വായന<br>ഗണിത മാഗസിൻ | ആഴ്ചയിലൊരു പിരീഡ് | ഗണിതലാബ് | |

# അക്കാദമിക പ്രവർത്തനങ്ങൾ

## മേഖല - സാമൂഹ്യശാസ്ത്രം (5-ാം ക്ലാസ്)

### ലക്ഷ്യങ്ങൾ - സമൂഹത്തെ അറിയുന്നതിനും ഭൂമിയെ അറിയുന്നതിനുമുള്ള കഴിവും മനോഭാവവും വളർത്തുക

| ക്രമ. നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | സമൂഹത്തെ അറിയുന്നതിനുള്ള കഴിവും മനോഭവവും വളർത്തുക. | സ്കൂൾ പാർലമെന്റ് | വർഷത്തിലൊരിക്കൽ | ക്ലാസുകൾ | അധ്യാപകർ |
| | | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠന യാത്ര (കോട്ടകൾ, മ്യൂസിയം, കൊട്ടാരങ്ങൾ, തുറമുഖങ്ങൾ)<br>അഭിമുഖങ്ങൾ സാമൂഹ്യ ശാസ്ത്രലാബ് തയ്യാറാക്കൽ | വർഷത്തിലൊരിക്കൽ<br>ജൂൺ | ക്ലാസുകൾ | അധ്യാപകർ |
| | | പഠനയാത്രക്കുറിപ്പ് തയ്യാറാക്കി സാമൂഹ്യശാസ്ത്രം ലാബിൽ പ്രദർശിപ്പിക്കൽ. ക്വിസ്മത്സരങ്ങൾ പഴയകാല ഉപകരണങ്ങളുടെ പ്രദർശനം | മാസത്തിലൊരിക്കൽ | സാമൂഹ്യ ശാസ്ത്രലാബ് | അധ്യാപകർ<br>PTA<br>SRC |

| | | | | | |
|---|---|---|---|---|---|
| | | സ്കൂൾ ചരിത്രരചന | ജൂൺമാസം | സ്കൂൾ വിക്കി സുവനീർ, സ്ഥാപിത ഫലകങ്ങൾ... | അധ്യാപകർ പൂർവ്വവിദ്യാർത്ഥികൾ |
| | | സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് | ജൂലൈ | | |
| | | പത്രവായന | ദിവസവും | പത്രം, ശാസ്ത്രലാബ് | |
| | | സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നേരിട്ടു കണ്ട് കുറിപ്പ് തയ്യാറാക്കൽ | പാഠവുമായി ബന്ധപ്പെട്ട് | | PTA, SMC SRC |
| | | ഭൂമിയുടെ (ഭ്രമണം, രാവും പകലും സൗരയൂഥം, ചന്ദ്രന്റെ ഭ്രമണം ഗ്ലോബ്, ഭൂപടങ്ങൾ എന്നിവയെ ക്കുറിച്ചുള്ള പഠനം | പാഠവുമായി ബന്ധപ്പെട്ട് | സാമൂഹ്യ ശാസ്ത്രലാബ് | BRC അധ്യാപകർ |
| | | പ്ലാനറ്റോറിയം സന്ദർശനം | വർഷത്തിലൊരിക്കൽ | | SMC PTA |

# അക്കാദമിക പ്രവർത്തനങ്ങൾ

## മേഖല - പരിസരപഠനം (1 മുതൽ 5 വരെ ക്ലാസുകൾ)

**ലക്ഷ്യങ്ങൾ - സ്കൂൾ കാമ്പസ് ഒരു പഠനപുസസ്തകം, ആധുനിക സൗകര്യ്യങ്ങളോടുകൂടിയ സയൻസ് ലാബ്, ഫീൽഡ് ട്രിപ്പുകൾ എന്നിവയിലൂടെ മികച്ച പാരിസ്ഥിതിക അവബോധമുള്ള കുട്ടികളെ വാർത്തെടുക്കുക.**

| ക്രമ. നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | സ്കൂൾ കാമ്പസ് ഒരു പാഠപുസ്തകം | പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം പൂന്തോട്ടം എന്നിവയ്ക്കുള്ള സ്ഥലമൊരുക്കൽ | മെയ് മാസം | കൃഷി ഉപകരണങ്ങൾ | PTA SMC |
| | ജൈവ വൈവിധ്യ പാർക്ക് | പരിസ്ഥിതിദിനാചരണം | ജൂൺ 5 | | അധ്യാപകർ |
| | | കുട്ടികളിൽ നിന്ന് ചെടികളും വിത്തുകളും ശേഖരിക്കൽ | | | PTA |
| | | അതാത് തോട്ടങ്ങളിൽ കുട്ടികളുടെ നേതൃത്വത്തിൽ നടൽ | ജൂൺ 5 | | SMC അധ്യാപകർ |
| | | നനയ്ക്കൽ | ദിവസവും | | |

| | | | | | |
|---|---|---|---|---|---|
| | | സ്കൂൾ കാമ്പസിലെ<br>വൃക്ഷങ്ങളുടെ പേര് എഴുതി<br>ഒട്ടിക്കൽ വൃക്ഷത്തെ<br>ആദരിക്കൽ കരനെൽകൃഷി | ജൂൺ 5<br><br>ജൂൺ | കൃഷി<br>ഉപകരണങ്ങൾ | PTA MPTA<br>SRG |
| 2 | ആധുനിക സൗകര്യ<br>ങ്ങളോടുകൂടിയ<br>സയൻസ് ലാബ് | ശാസ്ത്രലാബിനു വേണ്ട<br>സ്ഥലമൊരുക്കൽ<br>ലാബിലെ ഉപകരണങ്ങളും<br>രാസവസ്തുക്കളും ഇനം<br>തിരിച്ച് ക്രമീകരിക്കൽ<br>സി.ഡി.പ്രദർശനം<br>ലാബിലേക്ക് വേണ്ട<br>ഉപകരണങ്ങൾ SRGയിൽ<br>ചർച്ച ചെയ്ത് ലിസ്റ്റ് | മെയ്<br><br>മെയ്<br><br><br><br>ഏപ്രിൽ | <br><br><br><br><br>പ്രൊജക്ടർ | PTA<br>അധ്യാപകർ<br>SRG<br><br><br>SRG<br>HM<br>BRC<br>SMC |
| | | ഉപകരണങ്ങൾ വാങ്ങൽ | ജൂൺ | | PTA, SRG |
| | | ക്ലാസ് റൂമുകളിൽ രൂപപ്പെടുന്ന<br>മികച്ച ഉല്പന്നങ്ങൾ<br>അധ്യാപകരുടെ പഠനോപകര<br>ങ്ങൾ എന്നിവ ലഘുപരീക്ഷ<br>ണങ്ങൾ | അധ്യയന<br>വർഷം | | |

| | | | | | |
|---|---|---|---|---|---|
| 3 | ഫീൽഡ് ട്രിപ്പുകൾ | SRG യിൽ ഓരോ ക്ലാസിലെയും EVS സുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ ഓരോ മാസത്തെയും ലിസ്റ്റ് ചെയ്യുന്നു. | ജൂൺ ആദ്യ ആഴ്ച | | PTA<br>SMC |
| | | പ്രാധാന്യം അനുസരിച്ച് ഫീൽഡ് ട്രിപ്പ് നടത്തുന്നു. | മാസംതോറും | സ്കൂൾ വാൻ | അധ്യാപകർ ക്ലാസ് |
| | | റിപ്പോർട്ട് അസംബ്ലിളിയിൽ അവതരണം | മാസത്തിലൊന്ന് | | ടീച്ചർ |

# അക്കാദമിക പ്രവർത്തനങ്ങൾ

## മേഖല - കലാകായിക പ്രവർത്തിപരിചയം (1 മുതൽ 5 വരെ ക്ലാസുകൾ)

**ലക്ഷ്യങ്ങൾ - കലാകായിക പ്രവൃത്തി പരിചയ രംഗങ്ങളിൽ ഓരോ കുട്ടിയും അഭിരുചിക്കനുസരിച്ച് ദേശീയ തലങ്ങളിൽ മികവ് തെളിയിക്കുന്നതിനുള്ള അവസരം ഒരുക്കും**

| ക്രമ. നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | വിവിധ കലാവാസനകൾ ഉള്ള കുട്ടികളെ കണ്ടെത്തി പരിപോഷിപ്പിക്കുക | ചിത്രരചന, വാട്ടർ കളറിംഗ്, നൃത്തം, ചെണ്ട, സംഗീതം, കഥാരചന, അഭിനയം, പ്രസംഗം തുടങ്ങിയ കാലാവാസനകൾ ഉള്ള കുട്ടികളെ കണ്ടെത്തൽ ലിസ്റ്റ് ചെയ്യൽ | ജൂൺ അവസാനം SRG യിൽ | | അധ്യാപകർ |
| | | ഓരോ വിഭാഗത്തിനും മിടുക്കരായ അധ്യാപകരെ കണ്ടെത്തുക. (അധ്യാപകർ, രക്ഷിതാക്കൾ, SMC, BRG പൊതുജനങ്ങൾ) | ജൂലൈ ആദ്യ SRG യിൽ | | SMC BRC PTA,HM അധ്യാപകർ |
| | | SRG യിൽ ചർച്ച ചെയ്ത് അവധി ദിവസങ്ങൾ ഉൾപ്പെടുത്തി സമയങ്ങൾ | | | |

| | | | | | |
|---|---|---|---|---|---|
| | | കണ്ടെത്താവുന്നതാണ് പ്രവർത്തനക്കലണ്ടറി എഴുതിച്ചേർക്കണം | | കലാപഠനോ പകരണങ്ങൾ | SMC PTA |
| | | സമയം പ്രവർത്തനക്കലണ്ടറിലും കുട്ടികളുടെ ടൈംടേബിളിലും ഉൾപ്പെടുത്തണം. | ജൂലൈ ആദ്യ ആഴ്ച | ടൈംടേബിൾ | SRG അധ്യാപകർ |
| 2 | പഠനോടൊപ്പം കുട്ടികൾക്ക് കായിക പരിശീലനം കാര്യക്ഷമത മാക്കുക. | ടാലന്റ് ലാബ്, തയ്യാറാക്കുന്നു ലഘുവ്യായാമ മുറകൾ, കളികൾ യോഗാ ക്ലാസുകൾ എന്നിവ ഇടവേളകളിൽ ഉൾപ്പെടുത്തണം | പഠനഇടവേളകൾ | പാർക്ക് കളിയുപകരണങ്ങൾ | SRG അധ്യാപകർ |
| | | ആരോഗ്യ സംരക്ഷണത്തെ ക്കുറിച്ച് ഒരു ക്ലാസ് സംഘടിപ്പി,ക്കുന്നു. | വർഷത്തിലൊന്ന് | സ്കൂൾ ഹാൾ | SRG |
| 3 | കുട്ടികളുടെ അഭിരുചിക്കനുസരിച്ച് പ്രവൃത്തി പരിചയരംഗങ്ങളിൽ താല്പര്യമുള്ളവരെ കണ്ടെത്തി പരിപോഷിപ്പിക്കുക | ഓരോ ഇനത്തിലും അഭിരുചിലള്ളവരെ കണ്ടെത്തുക.<br>1) ക്ലാസ് റൂം പ്രവർത്തനങ്ങളിൽ നിന്ന് മികവ് തെളിയിക്കുന്നവർ | ആഗസ്റ്റ് | | അധ്യാപകർ SRG |

| | | | | | |
|---|---|---|---|---|---|
| | | 2) സ്കൂളിൽ ജൂൺ മാസം ഒരു പ്രവൃത്തി പരിചയ മത്സരം നടത്തി അതിൽ വിജയിക്കുന്നവർ | അവസാന വെള്ളി | | PTA, HM അധ്യാപകർ |
| | | 3) എസ്.ആർ.ജിയിൽ ഏതെല്ലാം ഇനങ്ങൾക്കാണ് പരിശീലനം നൽകേണ്ടതെന്ന് കണ്ടെത്തി കുട്ടികളെ ലിസ്റ്റ് ചെയ്യുന്നു. | ജൂലൈ ആദ്യ SRG | | SRG |
| | | 4) എല്ലാ ആഴ്ചയും കലാ പഠനത്തിനും പ്രവൃത്തി പരിചയത്തിനും കൂടി ഒരു പീരിഡ് ക്ലാസ് ടൈംടേബി ളിൽ ഉൾപ്പെടുത്തുന്നു. | ജൂലൈ ആദ്യ SRG | | ക്ലാസ് ടീച്ചേഴ്സ് |
| | | 5) അധ്യാപകരെ കണ്ടെത്തു ന്നു (അധ്യാപകർ, പി.ടി.എ, രക്ഷിതാക്കൾ, എസ്.എം.സി) | SRG ജൂലൈ | | SMC BRC, PTA അധ്യാപകർ HM SRG |
| | | ക്ലാസുകളിൽ രൂപപ്പെട്ട ഉല്പന്നങ്ങളുടെ പ്രദർശനം നടത്താം | ക്ലാസ് PTA | | |

# അക്കാദമിക പ്രവർത്തനങ്ങൾ

**മേഖല - ഭൗതികം, സാമൂഹികം (1 മുതൽ 5 വരെ ക്ലാസുകൾ)**

**ലക്ഷ്യങ്ങൾ - വിദ്യാലയത്തെ ഭൗതികമായും സാമൂഹികമായും മികച്ച നിലവാരത്തിലെത്തിക്കുക.**

| ക്രമ. നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭൗതികം | ലൈബ്രറി<br>കുടിവെള്ളം ചൂടാക്കിയത്<br>പണിയായുധങ്ങൾ<br>സൂക്ഷിക്കൽ | ഏപ്രിൽ<br>ദിവസവും | ലൈബ്രറി<br>ക്കായി ഒരു<br>മുറി യോജിച്ച<br>ഒരു സ്ഥലം | PTA<br>SRG<br>PTA<br>SRG |
| 2 | സാമൂഹികം | അങ്കണവാടി കലോത്സവം<br>സന്നദ്ധ സംഘടനകളുടെ<br>സേവനം<br>പൂർവ്വാധ്യാപക സംഗമം<br>സ്കൂൾ മികവുകളുടെ<br>പ്രദർശനം | വർഷത്തിലൊ<br>രിക്കൽ<br>C PTA<br>വാർഷികാ<br>ഘോഷം | സ്കൂൾ ഹാൾ<br>CD | PTA<br>SRG<br>SMC<br>HM<br>SMC<br>PTA<br>SMC<br>PTA<br>SRG |

# സാമ്പത്തികം

| ക്രമ. നം. | ഇനം | തുക | ഏജൻസി |
| --- | --- | --- | --- |
| 1 | പഠനോപകരണങ്ങൾ | 50000 | SSA, MLA ഫണ്ട് |
| 2 | ലൈബ്രറി വികസനം | 15000 | SSA, PTA, SSG |
| 3 | ഗണിതലാബ് | 5000 | SSA |
| 4 | ശാസ്ത്രലാബ് | 10000 | SSA, PTA |
| 5 | ജൈവവൈവിധ്യപാർക്ക് | 30000 | PTA പൂർവ്വവിദ്യാർത്ഥികൾ, അധ്യാപകർ SSG, SMC |
| 6 | ആരോഗ്യം, കലാപ്രവൃത്തി പരിചയം | 10000 | SSG, SSA, PTA |

# പ്രവർത്തന കലണ്ടർ

## ജൂൺ 2024 (ആദ്യ ആഴ്ച)

| ക്രമ. നം. | തീയതി | പ്രവർത്തനങ്ങൾ | ചുമതല | ഭൗതികം |
|---|---|---|---|---|
| 1 | മെയ് 28, 29, 30, 31 തീയതികളിൽ | ലാബിലെ ഉപകരണങ്ങളും രാസവസ്തുക്കളും ഇനം തിരിച്ച് ക്രമീകരിക്കൽ<br>പച്ചക്കറിത്തോട്ടം, പൂന്തോട്ടം, ഔഷധത്തോട്ടം എന്നിവയ്ക്ക് സ്ഥലമൊരുക്കൽ<br>ക്ലാസ് ലൈബ്രറികളിലേയ്ക്ക് വേണ്ട പുസ്തകങ്ങൾ തരംതിരിക്കൽ<br>വായനാമുറി ഒരുക്കൽ പ്രവേശനോത്സവ തയ്യാറെടുപ്പ് ടൈംടേബിൾ തയ്യാറാക്കൽ പത്രവിതരണം | PTA. SSG<br>SRG<br>SRG<br>SRG, PTA<br>PTA, SRG | |
| 2 | ജൂൺ 1 | പ്രവേശോത്സവം<br>SRG-പരസ്ഥിതിദിനം വിവിധ ചാർജ്ജുകൾ ലാബുകളിലേയ്ക്ക് വേണ്ട ഉപകരണങ്ങൾ<br>ലിസ്റ്റ് (സി.ഡി, ഓഡിയോ...) | | |

| | | | | |
|---|---|---|---|---|
| 3 | ജൂൺ 4 | അസംബ്ലി<br>1) വായനമൂലയിലേക്ക് പുസ്തകശേഖരണം<br>2) ഗണിതലാബിലേക്ക് മഞ്ചാടി, ഈർക്കിൽ കെട്ടുകൾ, ശേഖരണം<br>3) ജൈവപാർക്കിലേക്ക് വിത്തുകളും ചെടികളും ശേഖരണം<br>പരിസ്ഥിതി ദിനം | | |
| 4 | ജൂൺ 5 | 1) കുട്ടികൾ കൊണ്ടു വന്ന വിത്തുകളും ചെടികളും അതാത് തോട്ടങ്ങളിൽ നടൽ<br>2) മൂന്ന് തോട്ടങ്ങളും നനയ്ക്കാൻ കുട്ടികളെ ഗ്രൂപ്പാക്കൽ<br>3) വൃക്ഷങ്ങളുടെ പേര് എഴുത് ഒട്ടിക്കൽ<br>4) വൃക്ഷത്തെ ആദരിക്കൽ<br>5) കൃഷി ഉപകരണങ്ങൾ വാങ്ങൽ<br>6) ക്ലാസുകളിലും പുറത്തും പരിസ്ഥിതിദിന പോസ്റ്ററുകൾ ഒട്ടിക്കൽ | | |
| 5 | ജൂൺ 6 | ഇംഗ്ലീഷ് അസംബ്ലി<br>വായനാക്കാർഡ്<br>സ്വയം പരിചയപ്പെടൽ<br>കഥാവായന<br>പാട്ടുകൾ | | |

| | | | | |
|---|---|---|---|---|
| | | ക്വിസ്<br>പോസ്റ്റർ<br>ദിനാചാരണങ്ങൾ<br>ക്ലാസ് മികവുകൾ<br>യാത്രാക്കുറിപ്പ്<br>ഇംഗ്ലീഷ് ഓഡിയോ വീഡിയോ<br>പ്രദർശനം<br>ക്ലാസ് ലൈബ്രറി (വായന)<br>രചനാമത്സരങ്ങൾ | | |
| 6 | ജൂൺ 7 | ഗണിതലാബ്<br>ഓരോ ക്ലാസിനും ഒരു പീരിഡ്<br>വീതം<br>അധ്യാപകർ കഥ വായിച്ചു<br>കൊടുക്കുന്നു.<br>ലഘുവ്യായാമമുറകൾ | | |
| 7 | ജൂൺ 8 | SRG പ്രവൃത്തി പരിചയം മത്സരം<br>(Date) | | |

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- മതനിരപേക്ഷ അന്തരീക്ഷം നിലനിർത്താൻ കഴിയുന്നു
- സ്കൂളും സമൂഹവുമായി നല്ല ബന്ധം സ്ഥാപിക്കാൻ കഴിയുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.

# മോണിട്ടറിംഗ് രീതി

- ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു.

- PIA, MPTA, SSG SRG എന്നിവരെ ഉൾപ്പെടുത്തി സോഷ്യൽ, മോണിട്ടറിംഗ് രീതി നടപ്പാക്കണം.

- HM, SRG കൺവീനർ, PTA എന്നിവരുടെ നേതൃത്വത്തിൽ ദൈനംദിന മോണിട്ടറിംഗ് നടത്താം.

# ഉപസംഹാരം

നവകേരളമിഷന്റെ പൊതുവിദ്യാഭ്യാസയജ്ഞം വിജയകരമായി കേരളസമൂഹം ഏറ്റെടുത്തിരിക്കുന്നു. വിദ്യാഭ്യാസരംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷം സൃഷ്ടിച്ചുകഴിഞ്ഞിരിക്കുന്നു. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ കർമപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. ഈ യജ്ഞത്തിൽ പങ്കാളിയാവുക എന്നത് നാമോരോരുത്തരുടെയും കടമയാണ്. ഈ സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.